# ഡബ്ല്യു.ഡബ്ല്യു.എഫ്. ഇന്ത്യയുടെ  പരാതി പരിഹാര പ്രക്രിയ

കമ്മ്യൂണിറ്റി(കൾ) ഉന്നയിച്ച ആശങ്കകൾ സ്വീകരിക്കുന്നതിനും പ്രതികരിക്കുന്നതിനുമുള്ള ഒരു സംവിധാനം ഡബ്ല്യു.ഡബ്ല്യു.എഫ്. ഇന്ത്യ സ്ഥാപിച്ചിട്ടുണ്ട്. ആയത് അതിന്റെ സംരക്ഷണ പ്രവർത്തനങ്ങളെ സ്വാധീനിച്ചേക്കാം. ഡബ്ല്യു.ഡബ്ല്യു.എഫിന്റെ സാമൂഹിക നയങ്ങൾ, തത്വങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ (ചുവടെ കാണുക) നടപ്പിലാക്കുന്നതിനെ ശക്തിപ്പെടുത്തുന്നതിനും ഞങ്ങളുടെ സുരക്ഷാ പ്രക്രിയകളുടെ ഫലപ്രാപ്തി മെച്ചപ്പെടുത്തുന്നതിനുമായാണ് ഇത് ചെയ്തിരിക്കുന്നത്. സമഗ്രത, സുതാര്യത, ഉത്തരവാദിത്തം എന്നിവ ഡബ്ല്യു.ഡബ്ല്യു.എഫ്. ഇന്ത്യയുടെ ധാർമ്മിക പ്രതിബദ്ധതകളുടെ ഒരു പ്രധാന ഭാഗം കൂടിയാണ്. സംഭാഷണം, സഹകരണം, പരസ്പര കരാർ എന്നിവ അടിസ്ഥാനമാക്കിയുള്ളതാണ് പരാതി പരിഹരിക്കൽ സംവിധാനം. പരാതികൾ/ആവലാതികൾ സമയബന്ധിതവും ഫലപ്രദവുമായ രീതിയിൽ അഭിസംബോധന ചെയ്യുന്നത് പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിനും പരസ്പരധാരണ മെച്ചപ്പെടുത്തുന്നതിനും ഉത്തരവാദിത്തം ശക്തിപ്പെടുത്തുന്നതിനും വർദ്ധിച്ച സഹകരണത്തിനും ശക്തമായ ഒരു അടിത്തറ നൽകുന്നു.

**ആർക്കാണ് പരാതിപ്പെടാൻ കഴിയുക?**

ഡബ്ല്യു.ഡബ്ല്യു.എഫ്. ഇന്ത്യയുടെ ഭാഗത്തെ ഒരു പരാജയം, ഡബ്ല്യു.ഡബ്ല്യു.എഫ്. ഇന്ത്യ നടപ്പാക്കിയ ഏതെങ്കിലും പ്രവർത്തനം ബാധിക്കുമെന്ന് വിശ്വസിക്കുന്ന ഏതെങ്കിലും കമ്മ്യൂണിറ്റി ഗ്രൂപ്പ് (കുറഞ്ഞത് രണ്ടോ അതിലധികമോ ആളുകളോ മറ്റോ) അല്ലെങ്കിൽ കമ്മ്യൂണിറ്റി സ്ഥാപനം ഡബ്ല്യു.ഡബ്ല്യു.എഫ്. ഇന്ത്യ പ്രോജക്ട് പ്രവർത്തനത്തിന്റെ രൂപകൽപ്പനയിലോ നടപ്പാക്കലിലോ അതിന്റെ സാമൂഹിക നയങ്ങളും സുരക്ഷകളും പാലിക്കുന്നത് ഒരു **'അഫക്റ്റഡ് പാർട്ടി'യായി കണക്കാക്കപ്പെടുന്നു.**

ബാധിതരായ (അഫക്റ്റഡ് പാർട്ടി) ഏതൊരു കക്ഷിക്കും പരാതി/ആവലാതികൾ നൽകാം. ഡബ്ല്യു.ഡബ്ല്യു.എഫ്. ഇന്ത്യയോടുള്ള പരാതി/ആവലാതിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും വ്യക്തി അല്ലെങ്കിൽ ഓർഗനൈസേഷൻ (പ്രതിനിധികൾ) അവരുടെ താൽപ്പര്യാർത്ഥം അക്കാര്യത്തെക്കുറിച്ച് സംസാരിക്കാൻ അഭ്യർത്ഥിക്കാം.

**അഫക്റ്റഡ് പാർട്ടിക്കുവേണ്ടി** പരാതി/ആവലാതി സമർപ്പിക്കുന്ന പ്രതിനിധികൾ അവരെ പ്രതിനിധീകരിക്കുന്നതിനുള്ള അധികാരത്തിന്റെ വ്യക്തമായ തെളിവുകൾ നൽകണം..

ഒരു പ്രതിനിധിയുടെ ചില ഉദാഹരണങ്ങൾ ഇനി പറയുന്നവയാകാം: ഒരു ഗ്രാമത്തലവനെപ്പോലെ ഒരു കമ്മ്യൂണിറ്റിയിൽ നിന്നുള്ള ഒരു അധികാരപ്പെട്ട വ്യക്തി; പരമ്പരാഗത അല്ലെങ്കിൽ ആചാരപരമായ അധികാരപ്പെട്ട വ്യക്തി; ബാധിത കക്ഷി ആവശ്യപ്പെട്ടതിന്റെ വ്യക്തമായ തെളിവുകൾ അവർക്ക് കാണിക്കാൻ കഴിയുമെങ്കിൽ, ഒരു പ്രാദേശിക, ദേശീയ അല്ലെങ്കിൽ അന്തർദ്ദേശീയ എൻ.ജി.ഒ.

**വ്യക്തമായ തെളിവുകൾ** ഒരു ഗ്രാമസഭാ പ്രമേയമോ; കുറഞ്ഞത് 10 ഗ്രാമീണ അംഗങ്ങൾ ഒപ്പിട്ട പഞ്ചായത്തിൽ നിന്നുള്ള ഒരു കത്തോ ആകാം.

## പരാതി/ആവലാതി സമർപ്പണത്തിനുള്ള ടെംപ്ലേറ്റ്

പരാതി/ആവലാതിയിൽ ഇനിപ്പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തണം:

- പരാതിക്കാരന്റെ പേരും ബന്ധപ്പെടാനുള്ള വിവരങ്ങളും (പരാതിക്കാരൻ നേരിട്ട് ഫയൽ ചെയ്തിട്ടില്ലെങ്കിൽ, അഫക്റ്റഡ് പാർട്ടിയെ പ്രതിനിധീകരിക്കുന്നവർക്ക് അങ്ങനെ ചെയ്യാൻ അധികാരമുണ്ടെന്നതിന്റെ തെളിവ്)
- എന്തുമായി ബന്ധപ്പെട്ടാണോ പരാതി, ആ പരാതിയുടെ പ്രോജക്റ്റ് അല്ലെങ്കിൽ പ്രോഗ്രാം വിവരങ്ങൾ, പരാതി/ആവലാതിയുടെ നിർദ്ദിഷ്ട സ്ഥാനം
- നിർദ്ദിഷ്ട പരാതി/ആവലാതിയുടെ വിശദാംശങ്ങളും സംഭവത്തിനാധാരമായ തീയതിയും
- നേരിട്ട ദുരനുഭവങ്ങൾ (നെഗറ്റീവ് ഇംപാക്ടുകൾ)
- പ്രസക്തമായ മറ്റേതെങ്കിലും വിവരങ്ങൾ അല്ലെങ്കിൽ പ്രമാണങ്ങൾ
- ഡബ്ല്യു.ഡബ്ല്യു.എഫ്. ഇന്ത്യയുമായോ അല്ലെങ്കിൽ അത് നടപ്പിലാക്കുന്ന പങ്കാളികളുമായോ ബന്ധപ്പെടുന്നതുൾപ്പെടെ പരാതിക്കാരൻ പ്രശ്നം ഉന്നയിക്കുന്നതിനും പരിഹരിക്കുന്നതിനും ശ്രമിക്കുന്ന പരിശ്രമങ്ങൾ.
- രഹസ്യാത്മകത അഭ്യർത്ഥിച്ചിട്ടുണ്ടോ (കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട്)

ഒരു ആവലാതി/പരാതി ഇംഗ്ലീഷ്, ഹിന്ദി അല്ലെങ്കിൽ ഏതെങ്കിലും പ്രാദേശിക ഭാഷയിൽ സമർപ്പിക്കാം.

## പരാതി/ആവലാതിക്കുള്ള മാനദണ്ഡം

ഒരു ആവലാതി/പരാതി എന്നത് ഡബ്ല്യു.ഡബ്ല്യു.എഫ്. ഇന്ത്യയുടെ ഭാഗത്തെ അല്ലെങ്കിൽ തദ്ദേശീയ (ഗോത്ര) അവകാശങ്ങൾ, മനുഷ്യാവകാശങ്ങൾ, ലിംഗസമത്വം, പ്രാതിനിധ്യം, ക്ഷേമം എന്നിവയുമായി ബന്ധപ്പെട്ട ഡബ്ല്യു.ഡബ്ല്യു.എഫ്. നെറ്റ്‌വർക്കിന്റെ സോഷ്യൽ പോളിസികൾ, തത്വങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ മാനിക്കുന്നതിനുള്ള അതിന്റെ പങ്കാളിയുടെ ഒരു പരാജയത്തെയും ആ ഒരു കമ്മ്യൂണിറ്റിയിൽ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു.

## പരാതി സ്വീകരിക്കുന്ന സംവിധാനം

പരാതികൾ/ആവലാതികൾ ഡബ്ല്യു.ഡബ്ല്യു.എഫ് ഇന്ത്യ വഴി അയയ്ക്കാം. ഇ–മെയിൽ ഐഡി: **grievances@wwfindia.net** അല്ലെങ്കിൽ പോസ്റ്റ് വഴി പരാതി പരിഹാരത്തിന്, C/O H.R, WWF-India, 172-B, Lodi Road, New Delhi-110003.

---

കമ്മ്യൂണിറ്റി(കൾ) എന്നാൽ ഗോത്രവർഗ്ഗക്കാർ അല്ലെങ്കിൽ മറ്റ് പ്രാദേശിക കമ്മ്യൂണിറ്റി ഗ്രൂപ്പ് അല്ലെങ്കിൽ ഡബ്ല്യു.ഡബ്ല്യു.എഫ്. ഇന്ത്യ ലാൻഡ്സ്കേപ്പുകളിൽ സ്ഥിതിചെയ്യുന്ന ഏതെങ്കിലും അംഗങ്ങൾ, ഒപ്പം ഡബ്ല്യു.ഡബ്ല്യു.എഫ്. ഇന്ത്യയിൽ പ്രവർത്തിക്കുന്നവർ എന്നാണ് അർത്ഥമാക്കുന്നത്.